# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3787 19.03.2018 ൽ മറുപടിക്ക്**

**കടുത്തുരുത്തി റെയിൽവെ മേൽപ്പാലം**

| **ചോദ്യം**<br>**ശ്രീ. മോൻസ് ജോസഫ്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2017-2018 ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച കടുത്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ ഭരണാനുമതി സംബന്ധിച്ചുള്ള പുരോഗതി അറിയിക്കാമോ; | (എ) കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി 10.07.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ; | (ബി) & (സി) ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പഠനങ്ങൾ നടന്നു വരുന്നു. ഡി.പി.ആർ സമർപ്പിച്ച് കിഫ്ബി അംഗീകാരം ലഭിച്ചതിനു ശേഷം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) കടുത്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും; പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | |

| | | |
|---|---|---|
| (ഡി) | ഈ പദ്ധതിയുടെ ഫയൽ നടപടികൾ (ഡി) ഏത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്; ആയതിന്റെ ഫയൽ നമ്പർ അറിയിക്കാമോ? | തത്ത്വത്തിലുള്ള അനുമതി നൽകിയശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടി വരുന്ന സംഗതികളിൽ പൊതുമരാമത്ത് ഡി വകുപ്പാണ് ഫയൽ കൈകാര്യം ചെയ്യേണ്ടത്. ഇതുവരെ ഫയൽ ആരംഭിക്കേണ്ടി വന്നിട്ടില്ല. |

S. Bindu

**സെക്ഷൻ ഓഫീസർ**